# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 724 15/07/2014-ലെ

മറുപടിക്ക്.

## പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. കെ. ടി. ജലീൽ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |

| | |
|---|---|
| എ). പോലീസ് സേനയിൽ സംഘടനാ പ്രവർത്തനം നിരോധിക്കേണ്ടതാണെന്ന ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | പോലീസ് സേനാംഗങ്ങളുടെ സംഘടനാ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി).ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ; | പോലീസ് സംഘടനാ പ്രവർത്തനം സേനയുടെ അച്ചടക്കത്തിനും വിശ്വാസ്യതക്കും വിഘാതം വരാത്ത രീതിയിലായിരിക്കണം നടത്തിക്കൊണ്ടു പോകേണ്ടത് എന്നതാണ് സർക്കാർ നിലപാട്. |
| സി).സേനയിലെ സംഘടനാ പ്രവർത്തനം മൂലം രാഷ്ട്രീയ കൊലപാതക കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ലെന്ന പരാമർശം നടത്താനിടയായ കേസന്വേഷണങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | പരിശോധിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസിന്റെ തുടരന്വേഷണം സി.ബി.ഐ-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതു താൽപര്യ ഹർജി ( W.P ( C) 3151/14) പരിഗണിക്കവെയാണ് പോലീസ് സേനയിലെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ബഹു. ഹൈക്കോടതി വാക്കാലുള്ള ഇത്തരം ഒരു പരാമർശം നടത്തിയിട്ടുള്ളത്. |
| ഡി). പോലീസ് സംവിധാനത്തെ രാഷ്ട്രീയ പ്രേരിതമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപം പോലീസ് സേനക്ക് അവമതിപ്പുളവാക്കിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിഷ്പക്ഷമായ പ്രവർത്തനമാണ് പോലീസ് സേന നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ